(ബി) 33 പാലങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്. (നബാർഡിന്റെ സഹായത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണം ഈ വർഷമാണ് തുടങ്ങിയത് അതിനാൽ റോഡുകൾ ഒന്നും തന്നെ പൂർത്തിയായിട്ടില്ല.)

(സി) പൊതുമരാമത്ത് വകുപ്പ് നബാർഡ് സഹായത്തോടെ 115 പാലങ്ങളുടേയും 20 റോഡുകളുടേയും പണി നടത്തുന്നുണ്ട്. ഇതിൽ 33 പാലങ്ങൾ പൂർത്തിയായിട്ടുണ്ട്. 71 പാലങ്ങളുടേയും 19 റോഡുകളുടേയും പണി പുരോഗമിക്കുന്നു. 11 പാലങ്ങളുടേയും ഒരു റോഡിന്റെയും പണി ഉടൻ തുടങ്ങുന്നതാണ്.

(ഡി) നിർമ്മിച്ചു കഴിഞ്ഞതും, നിർമ്മിച്ചു കൊണ്ടിരിക്കുന്നതുമായ പാലങ്ങൾക്ക് നബാർഡിൽ നിന്നും റീ ഇമ്പേഴ്സ്മെന്റായി 50.58 കോടി രൂപ 29-2-2000 വരെ ലഭിച്ചിട്ടുണ്ട്. റോഡു പണിക്ക് തുകയൊന്നും ലഭിച്ചിട്ടില്ല.

(ഇ) ഈ ഇനത്തിൽ പൊതുമരാമത്ത് വകുപ്പ് 31-12-1999 വരെ 17.50 കോടി രൂപ കൊടുത്തു തീർക്കുവാനുണ്ട്.

(എഫ്) നബാർഡ് ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും കരാറുകാർക്ക് നൽകിയ തുകയാണ് നബാർഡ് റീ ഇമ്പേഴ്സ്മെന്റായി നൽകുന്നത്.

(ജി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കഴിവതും വേഗം കൊടുത്തു തീർക്കുന്നതാണ്.

മീനച്ചിലാറിന്റെ ഇടിഞ്ഞഭാഗം കരിങ്കല്ലുകെട്ടി റോഡ് സംരക്ഷിക്കുന്നതിന് നടപടി

189 (3066) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ പുന്നത്തുറ നടപ്പാലത്തിന് സമീപം മീനച്ചിലാറിന്റെ ഇടിഞ്ഞ ഭാഗം കരിങ്കല്ലു കെട്ടി റോഡ് സംരക്ഷിക്കുന്നതിന് ആവശ്യമായ പണികൾക്കുവേണ്ടി എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് എടുത്തിട്ടുള്ളത് ;

(സി) ഈ പണി ടെണ്ടർ ചെയ്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ടെണ്ടർ ചെയ്ത് പണി ഉടനെ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പുന്നത്തുറ നടപ്പാലം മുതൽ പട്ടിത്താനം പാലം വരെയുള്ള റോഡും പട്ടിത്താനം പാലത്തിന്റെ അപ്രോച്ച് റോഡും ടാർ ചെയ്യുന്നതിനുള്ള നടപടികൾ എന്തായി എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ രണ്ട് റോഡുകളും എത്രയുംവേഗം ടാർ ചെയ്യിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 7,50,000 രൂപയുടെ

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

(ഇ & എഫ്) പ്രസ്തുത പണികൾക്കുള്ള ടെൻഡറുകൾ പരിശോധിച്ചുവരുന്നു.

തിരുവനന്തപുരം പാറ്റൂരിൽ നിർമ്മിച്ചിരിക്കുന്ന ഫ്ളാറ്റുകളിൽ സ്ഥാപിച്ചിട്ടുള്ള ജനറേറ്ററുകൾ

190(3067) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മാണ വകുപ്പ് തിരുവനന്തപുരത്ത് പാറ്റൂരിൽ നിർമ്മിച്ചിരിക്കുന്ന ഫ്ളാറ്റുകളോട് ചേർന്ന് ജനറേറ്റുകൾ സ്ഥാപിച്ചിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായി കൺസൾട്ടു ചെയ്തിട്ടാണോ ഇവ സ്ഥാപിച്ചിരിക്കുന്നത് ;

(സി) ചുറ്റും നിരവധി വീടുകളുള്ള ഈ ഫ്ളാറ്റുകളോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള ജനറേറ്ററുകളിൽ നിന്നും പുറം തള്ളുന്ന മാരകമായ വിഷവായു പുറത്തുപോകുന്നതിനുള്ള കുഴൽ ഫ്ളാറ്റിന്റെ ഒരു നിലവരെപോലും പൊക്കമില്ലാതെ സമീപത്തുള്ള വീടുകളുടെ വശത്തേയ്ക്ക് പുക പോകത്തക്ക വിധത്തിൽ ആണ് സ്ഥാപിച്ചിരിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഫ്ളാറ്റ് നിവാസികൾക്കും സമീപവാസികൾക്കും വളരെയധികം ഹാനികരമായ വിധത്തിൽ സ്ഥാപിച്ചിട്ടുള്ള പ്രസ്തുത ജനറേറ്ററുകളുടെ എക്സിറ്റ് ഗ്യാസ് പോകുന്നതിനുള്ള കുഴൽ, ഫ്ളാറ്റിന്റെ മുകളിൽ വരെ എത്തിച്ചിട്ട് മുകളിൽ കൂടി വിഷവാതകം പുറം തള്ളുന്നതിനു പര്യാപ്തമായ വിധത്തിൽ കുഴലുകൾ മാറ്റി സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായി കൺസൾട്ടു ചെയ്തിട്ടില്ല. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയോടെയാണ് ജനറേറ്റുകൾ സ്ഥാപിക്കുന്ന ജോലി നടക്കുന്നത്.

(സി & ഡി) ഇപ്പോൾ ജനറേറ്ററുകൾ സ്ഥാപിക്കുന്ന പണി പുരോഗമിച്ചു വരുന്നു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നിർദ്ദേശം അനുസരിച്ച് പുകക്കുഴൽ ഉൾപ്പെടെയുള്ള ജോലികൾ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly